ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 05.04.2024** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. രണ്ടാംഘട്ട ലോക്സഭാ തിരഞ്ഞെടുപ്പിനായുള്ള നാമനിർദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങളിൽ പുരോഗമിക്കുന്നു.

**Scrutiny of nominations for the second phase of Lok Sabha elections is progressing in various states including Kerala**

2. രാജ്യത്ത് തിരഞ്ഞെടുപ്പ് പ്രചാരണം ശക്തമാക്കി രാഷ്ട്രീയ പാർട്ടികൾ. കോൺഗ്രസ് ഇന്ന് പ്രകടന പത്രിക പുറത്തിറക്കി.

**Election campaign gains momentum across the country. Congress releases manifesto for LS polls.**

3. അടിസ്ഥാന ബാങ്കിങ് നിരക്കുകളിൽ മാറ്റം വരുത്താതെ റിസർവ് ബാങ്ക് ധനനയം പ്രഖ്യാപിച്ചു. റിപ്പോ നിരക്ക് 6.5 ശതമാനമായി തുടരും.

**RBI Announces Bi-Monthly Monetary Policy For Financial Year 2024-25; Keeps Repo Rate Unchanged For 7th Time In Row**

4. ദേശീയ വിദ്യാഭ്യാസ നയത്തിന് യോജിക്കുന്ന വിധത്തിൽ പരീക്ഷാരീതിയിൽ മാറ്റം വരുത്തി സിബിഎസ്ഇ.

**Central Board of Secondary Education has introduced changes in assessment and evaluation to align with the National Education Policy 2020.**

5. ചിറ്റൂർ പ്രദേശത്തെ വരൾച്ചയും കുടിവെള്ള ക്ഷാമവും പരിഹരിക്കുന്നതിന് ജലം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് കേരളം തമിഴ്നാടിന് കത്തയച്ചു.

**Kerala wrote a letter to Tamil Nadu seeking water release to resolve the water scarcity issue in Chittoor area.**

6. ഐപിഎല്ലിൽ ഇന്ന് സൺറൈസേഴ്സ് ഹൈദരാബാദ് - ചെന്നൈ സൂപ്പർ കിങ്സ് പോരാട്ടം.

**In IPL Sunrisers Hyderabad will take on Chennai Super Kings.**

**********************

## HEADLINE-1

## SCRUTINY–SECOND PHASE

രണ്ടാംഘട്ട ലോക്സഭാ തിരഞ്ഞെടുപ്പിനായുള്ള നാമനിർദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങളിൽ പുരോഗമിക്കുന്നു. സംസ്ഥാനത്ത് 290 സ്ഥാനാർത്ഥികളാണ് പത്രിക സമർപ്പിച്ചിരിക്കുന്നത്. ഇവരിൽ നിന്നായി 499 പത്രികകൾ ലഭിച്ചിരുന്നു. ഏപ്രിൽ എട്ടിന് നാമനിർദ്ദേശപത്രിക പിൻവലിക്കുന്നതിനുള്ള സമയപരിധി അവസാനിക്കുന്നതോടെ അന്തിമ സ്ഥാനാർഥി പട്ടികയ്ക്ക് രൂപമാകും. രണ്ടാംഘട്ടത്തിൽ തിരഞ്ഞെടുപ്പ് നടക്കുന്ന ജമ്മുകശ്മീരിൽ നാളെയാണ് സൂക്ഷ്മപരിശോധന. കേരളത്തിലെ 20 സീറ്റുകൾ അടക്കം 12

സംസ്ഥാനങ്ങളിലെയും ജമ്മുകശ്മീരിലെയും 89 മണ്ഡലങ്ങളിലാണ് ഈ മാസം 26 ന് വോട്ടെടുപ്പ് നടക്കുക. കർണാടകയിലെ 14 സീറ്റുകളിലും, രാജസ്ഥാനിൽ 13 ഇടത്തും, ഉത്തർ പ്രദേശിലെയും, മഹാരാഷ്ട്രയിലെയും എട്ട് വീതം മണ്ഡലങ്ങളിലും രണ്ടാംഘട്ടത്തിലാണ് വോട്ടെടുപ്പ്. മധ്യപ്രദേശിലെ ഏഴ് സീറ്റിലും, അസമിലെയും ബിഹാറിലെയും അഞ്ച് സീറ്റുകളിലും, പശ്ചിമബംഗാളിലെയും ഛത്തീസ്ഗഢിലെയും മൂന്ന് വീതം മണ്ഡലങ്ങളിലും രണ്ടാംഘട്ടത്തിൽ തിരഞ്ഞെടുപ്പ് നടക്കും. മണിപ്പൂരിലെയും, ത്രിപുരയിലെയും, ജമ്മു കശ്മീരിലെയും ഓരോ മണ്ഡലങ്ങളിലാണ് ഏപ്രിൽ 26 ന് വോട്ടെടുപ്പ്.

**********************

**HEADLINE-2**

**INC**

ലോക്സഭാ തെരഞ്ഞെടുപ്പിനായുള്ള പ്രകടന പത്രിക കോൺഗ്രസ് പുറത്തിറക്കി. കോൺഗ്രസ് ദേശീയ അധ്യക്ഷൻ മല്ലികാർജ്ജുൻ ഖർഗെ, മുതിർന്ന കോൺഗ്രസ് നേതാക്കളായ സോണിയ ഗാന്ധി, പി ചിദംബരം, രാഹുൽ ഗാന്ധി, കെസി വേണുഗോപാൽ എന്നിവർ ചേർന്നാണ് പത്രിക പുറത്തിറക്കിയത്. ന്യായ് പത്ര എന്ന് പേരിട്ടിരിക്കുന്ന പ്രകടന പത്രിക അഞ്ച് മേഖലകൾ കേന്ദ്രീകരിച്ചുള്ള നീതിയുറപ്പാക്കലാണ് പ്രമേയമാക്കിയിരിക്കുന്നത്. ദേശീയ തലത്തിൽ സാമൂഹിക -സാമ്പത്തിക -ജാതി സെൻസസ്, വയോജനങ്ങൾക്കുള്ള യാത്ര ഇളവുകൾ പുനഃസ്ഥാപിക്കൽ , ആരോഗ്യ മേഖലയ്ക്കുള്ള ബജറ്റ് വിഹിതം വർധിപ്പിക്കൽ, വിളകളുടെ താങ്ങുവിലയ്ക്ക് നിയമപരിരക്ഷ ഉറപ്പാക്കൽ, തുടങ്ങിയവ പ്രകടന പത്രികയിൽ വാഗ്ദാനം ചെയ്യുന്നുണ്ട്. സർക്കാർ ജോലികളിലെ പരീക്ഷകൾക്കുള്ള അപേക്ഷ ഫീസ് എടുത്തുകളയൽ, മൂന്നു വർഷത്തിനുള്ളിൽ

ഹൈകോടതികളിലെയും സുപ്രീം കോടതിയിലെയും ഒഴിവുകൾ നികത്തൽ, ദരിദ്ര കുടുംബങ്ങൾക്ക് മെച്ചപ്പെട്ട സാമ്പത്തിക അവസ്ഥ ഉറപ്പാക്കുന്നതിന് മഹാലക്ഷ്മി പദ്ധതി എന്നിവയും പത്രിക ഉറപ്പു നൽകുന്നു.

**********************

## PM RAJASTHAN CAMPAIGNING

രാജ്യത്ത് ലോക്സഭാ തിരഞ്ഞെടുപ്പിനുള്ള പ്രചാരണം ശക്തമാക്കി രാഷ്ട്രീയ പാർട്ടികൾ. രാജസ്ഥാനിലെ ചുരുവിൽ പ്രധാനമന്ത്രിയും, മുതിർന്ന ബിജെപി നേതാവുമായ നരേന്ദ്രമോദി ഇന്ന് തിരഞ്ഞെടുപ്പ് റാലികളെ അഭിസംബോധന ചെയ്യും. നാളെ അദ്ദേഹം പുഷ്കറിലും പ്രചാരണം നടത്തും. കോൺഗ്രസ് ദേശീയ അധ്യക്ഷൻ മല്ലികാർജുൻ ഖർഗെ ചിറ്റോർഗഢിൽ ഇന്നലെ പ്രചാരണ യോഗത്തെ അഭിസംബോധന ചെയ്തിരുന്നു.

**********************

## KERALA-CAMPAIGN

കേരളത്തിൽ തിരഞ്ഞെടുപ്പ് പ്രചാരണം ശക്തമായി പുരോഗമിക്കുന്നു. വിവിധ മുന്നണികളുടെ പ്രമുഖ നേതാക്കൾ പ്രചാരണത്തിൽ സജീവമാണ്. കോട്ടയം ലോക്സഭാ മണ്ഡലത്തിൽ എൽ ഡി എഫ് സ്ഥാനാർത്ഥി തോമസ് ചാഴിക്കാടന് വേണ്ടിയുള്ള പ്രചാരണ പരിപാടികളിൽ മുഖ്യമന്ത്രിയും മുതിർന്ന സിപിഐഎം നേതാവുമായ പിണറായി വിജയൻ ഇന്ന് പങ്കെടുക്കും. പാലായിലും തിരുനക്കര മൈതാനത്തും നടക്കുന്ന തിരഞ്ഞെടുപ്പു യോഗങ്ങളെ അദ്ദേഹം അഭിസംബോധന ചെയ്യും. തിരുവനന്തപുരം ലോക് സഭാമണ്ഡലത്തിലെ എൻ ഡി എ സ്ഥാനാർത്ഥി രാജീവ് ചന്ദ്രശേഖറിന്റെ തിരഞ്ഞെടുപ്പ് പ്രചാരണത്തോടനുബന്ധിച്ച് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത്

ഷാ നാളെ തലസ്ഥാനത്തെത്തും. NDA ആറ്റിങ്ങൽ നിയോജക മണ്ഡലം സ്ഥാനാർത്ഥി വി.മുരളീധരന്റെ മണ്ഡല പര്യടനം കേന്ദ്ര മന്ത്രി S.ജയശങ്കർ ഉദ്ഘാടനം ചെയ്യും.

**********************

## REV. EC- MEETING DEOs

കഴിഞ്ഞ പൊതു തെരഞ്ഞെടുപ്പുകളിൽ ഏറ്റവും കുറവ് പോളിങ് രേഖപ്പെടുത്തിയ 11 സംസ്ഥാനങ്ങളിൽ നിന്നുള്ള മുനിസിപ്പൽ കമ്മീഷണർമാരുമായും ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസർമാരുമായും കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ ന്യൂഡൽഹിയിൽ യോഗം ചേരുന്നു. ലോക്സഭാ തിരഞ്ഞെടുപ്പിൽ വോട്ടിംഗ് ശതമാനം വർധിപ്പിക്കുന്നതിനുള്ള മാർഗങ്ങളാണ് യോഗത്തിൽ ചർച്ച ചെയ്യുന്നത്. മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ രാജീവ് കുമാർ, തിരഞ്ഞെടുപ്പ് കമ്മീഷണർമാരായ ഗ്യാനേഷ് കുമാർ, സുഖ്ബീർ സിംഗ് സന്ധു എന്നിവരുടെ നേതൃത്വത്തിലാണ് യോഗം.

**********************

## ECI- ATISHI

ബിജെപിയിൽ ചേരാൻ ആവശ്യപ്പെട്ട് പാർട്ടി നേതാക്കൾ തന്നെ സമീപിച്ചെന്ന ആരോപണത്തിൽ ആം ആദ്മി പാർട്ടി നേതാവും ഡൽഹി മന്ത്രിയുമായ അതിഷിക്ക് തെരഞ്ഞെടുപ്പ് കമ്മീഷൻ നോട്ടീസ് അയച്ചു. തിങ്കളാഴ്ച ഉച്ചയ്ക്കകം മറുപടി നൽകാനാണ് ആവശ്യപ്പെട്ടിരിക്കുന്നത്. നേതാക്കൾ പൊതുവേദിയിൽ നിന്ന് എന്ത് പറഞ്ഞാലും വോട്ടർമാർ വിശ്വസിക്കുന്ന പ്രവണതയുണ്ടെന്നും ആ അർത്ഥത്തിൽ ശ്രീമതി അതിഷി നടത്തിയ പ്രസ്താവനകൾ പ്രചാരണത്തെ ബാധിക്കുമെന്നും കമ്മീഷൻ നോട്ടീസിൽ ചൂണ്ടിക്കാട്ടി. ആരോപണത്തിൽ അതിഷിക്കെതിരെ ബിജെപി തിരഞ്ഞെടുപ്പ് കമ്മീഷന് പരാതി നൽകിയിരുന്നു.

**********************

## CONGRESS GUJARAT LIST

ഗുജറാത്തിൽ ലോക്സഭാ തെരഞ്ഞെടുപ്പിനുള്ള മൂന്നാമത് സ്ഥാനാർത്ഥി പട്ടിക കോൺഗ്രസ് പുറത്തുവിട്ടു. വഡോദര നിയോജക മണ്ഡലത്തിൽ നിന്ന് ജഷ്പാൽ സിംഗ് പധ്യാർ, ജുനാഗഢിൽ നിന്ന് ഹീരാഭായ് ജോത്വ, സുരേന്ദ്രനഗറിൽ നിന്ന് രുത്വിക്ഭായ് മക്വാന എന്നിവരാണ് കോൺഗ്രസിനായി ജനവിധി തേടുന്നത് .

**********************

## HEADLINE-3

## REV. BI-MONTHLY RBI-POLICY

അടിസ്ഥാന ബാങ്കിങ്ങ് നിരക്കുകളിൽ മാറ്റം വരുത്താതെ റിസർവ് ബാങ്ക് ദ്വൈമാസ ധനനയം പ്രഖ്യാപിച്ചു. റിപ്പോ നിരക്ക് 6.5 ശതമാനമായി തുടരും. തുടർച്ചയായി ഏഴാം തവണയാണ് ആർ.ബി.ഐ ബാങ്കിങ്ങ് നിരക്കുകൾ മാറ്റമില്ലാതെ നിലനിർത്തുന്നത്. റിസർവ് ബാങ്ക് ഗവർണർ ശക്തികാന്ത ദാസിന്റെ നേതൃത്വത്തിൽ ചേർന്ന ധനനയ സമിതി യോഗമാണ് തീരുമാനം കൈകൊണ്ടത്. ഈ സാമ്പത്തിക വർഷത്തിൽ യഥാർത്ഥ ജിഡിപി നിരക്ക് 7 ശതമാനവും, ഉപഭോക്തൃവിലസൂചിക അടിസ്ഥാനമാക്കിയുള്ള പണപ്പെരുപ്പ നിരക്ക് 4.5 ശതമാനവുമാണ് പ്രതീക്ഷിക്കുന്നത്.

**********************

## HEADLINE-4

## CBSE-EXAM PATTERN

ദേശീയ വിദ്യാഭ്യാസ നയം 2020 ന് യോജിക്കുന്ന വിധത്തിൽ പരീക്ഷാരീതിയിൽ മാറ്റം വരുത്തി സിബിഎസ്ഇ. പരീക്ഷാർഥികളുടെ നൈപുണ്യം പരിശോധിക്കുന്ന

തരം ചോദ്യങ്ങൾക്ക് ഇനിമുതൽ കൂടുതൽ പ്രാധാന്യം ലഭിക്കും. 11,12 ക്ളാസ് പരീക്ഷകളിൽ മൾട്ടിപ്പിൾ ചോയ്സ് ചോദ്യങ്ങൾ 40 ൽ നിന്നും 50 ശതമാനമായി ഉയർത്തിയിട്ടുണ്ട്. വിശദമായ ഉത്തരം ആവശ്യമുള്ള ചോദ്യങ്ങൾ 40 ൽ നിന്ന് 30 ശതമാനമായി കുറച്ചു . എന്നാൽ 2024-25 അക്കാദമിക കാലയളവിലെ ഒൻപത്, പത്ത് ക്ളാസ് വാർഷിക പരീക്ഷാ ചോദ്യപേപ്പറുകളിൽ മാറ്റങ്ങൾ ഉണ്ടാവില്ല.

**********************

## UGC-TELEMANAS

കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന്റെ ടെലി-മാനസ് മാനസികാരോഗ്യ ടോൾ ഫ്രീ ഹെൽപ്പ് ലൈൻ സംവിധാനത്തെക്കുറിച്ച് വിദ്യാർത്ഥികളിൽ അവബോധം സ്യഷ്ടിക്കാൻ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ രാജ്യത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകി. ടെലി-മാനസ് സൗജന്യ സേവനം കൂടുതൽ ജനകീയമാക്കേണ്ടതുണ്ടെന്ന് വൈസ് ചാൻസലർമാർക്ക് യുജിസി അയച്ച സർക്കുലറിൽ പറയുന്നു. 2022 ലാണ് ലോക മാനസികാരോഗ്യ ദിനത്തിൽ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം ടെലി മെൻ്റൽ ഹെൽത്ത് അഷ്വറൻസ് ആൻഡ് നെറ്റ്‌വർക്കിംഗ് എന്ന "ടെലി മാനസ്" സംരംഭത്തിന് തുടക്കം കുറിച്ചത്.

**********************

## HEADLINE-5

## PARMABIKULAM ALIYAR

ചിറ്റൂർ പ്രദേശത്തെ വരൾച്ചയും കുടിവെള്ള ക്ഷാമവും പരിഹരിക്കുന്നതിനു മേയ് ഒന്നു വരെ 250 ക്യുസെക്സ് വെള്ളം

ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് കേരളം തമിഴ്നാടിന് കത്തയച്ചു. പറമ്പിക്കുളം - ആളിയാർ കരാർ പ്രകാരം ഒരു ജലവർഷത്തിൽ 7250 ടിഎംസി ജലത്തിനു കേരളത്തിന് അർഹതയുണ്ടെന്ന് ചീഫ് സെക്രട്ടറി വി. വേണു തമിഴ്നാട് ചീഫ് സെക്രട്ടറിക്ക് അയച്ച കത്തിൽ പറയുന്നു. 2023 – 24 ന്റെ മാർച്ച് രണ്ടാമത്തെ ആഴ്ച വരെ **6320** ദശലക്ഷം ക്യുബിക് അടി വെള്ളം കേരളത്തിനു ലഭ്യമാക്കേണ്ട സ്ഥാനത്ത് **4803** ക്യുബിക്അടി വെള്ളമാണ് ലഭിച്ചത്. വ്യവസ്ഥകൾ ഉറപ്പാക്കി മാത്രമേ തമിഴ്നാട് പറമ്പിക്കുളത്തേക്കു വെള്ളം തിരിച്ചുവിടാവൂ എന്നാണു ചട്ടം.

**********************

## KSEB

സംസ്ഥാനത്ത് വൈദ്യുതി മുടങ്ങുന്നത് ഒഴിവാക്കാൻ ഉപഭോക്താക്കൾ സഹകരിക്കണമെന്ന് കെഎസ്ഇബി അഭ്യർത്ഥിച്ചു. വൈകുന്നേരം 6 മണി മുതൽ 12 മണി വരെ ഇടയ്ക്കിടെ വൈദ്യുതി തടസ്സമുണ്ടാകുന്നെന്ന പരാതി വ്യാപകമായ പശ്ചാത്തലത്തിലാണ് ആഭ്യർത്ഥന. എസിയുടെ ഉപയോഗം കൂടിയതും രാത്രി വൈദ്യുതി വാഹനങ്ങൾ ചാർജ് ചെയ്യുന്നതും വൈദ്യുതി വിതരണ സംവിധാനത്തെ കാര്യമായി ബാധിച്ചതാണ് വൈദ്യുതി മുടക്കത്തിന് കാരണം. സംസ്ഥാനത്ത് അന്തരീക്ഷ താപനില വർധിച്ചതോടെ പ്രതിദിന വൈദ്യുതി ഉപഭോഗം സർവ്വകാല റെക്കോർഡിൽ എത്തിയിരിക്കുകയാണ്.

**********************

## HEADLINE-6
## FUR. REV. IPL RESULT

ഐപിഎല്ലിൽ ഇന്ന് സൺറൈസേഴ്സ് ഹൈദരാബാദ് - ചെന്നൈ സൂപ്പർ കിങ്സ് പോരാട്ടം . ഹൈദരാബാദിലെ രാജീവ് ഗാന്ധി സ്റ്റേഡിയത്തിൽ രാത്രി 7.30

നാണ് മത്സരം. ഒരു തോൽവിയും രണ്ടു വിജയവുമായി നിലവിൽ പോയിൻറ് പട്ടികയിൽ മൂന്നാമതാണ് ചെന്നൈ. ഹൈദരാബാദ് പട്ടികയിൽ ഏഴാം സ്ഥാനത്താണ്.

**********************

## ISL

ഐ എസ് എൽ ഫുട്ബോളിൽ ഇന്ന് ഗോവ എഫ് സി - ഹൈദരാബാദ് എഫ് സി യെ നേരിടും. ഗോവയിലെ ഫത്തോർദ സ്റ്റേഡിയത്തിൽ രാത്രി 7.30 നാണ് മത്സരം. 10 വിജയമടക്കം 36 പോയിന്റുമായി പട്ടികയിൽ നാലാമതാണ് ഗോവ. 20 മത്സരങ്ങളിൽ ഒരു ജയം മാത്രമുള്ള ഹൈദരാബാദാണ് പട്ടികയിൽ ഏറ്റവും അവസാനം നിൽക്കുന്നത്.

**********************

## HEAT WAVE

കേരളത്തിൽ തിങ്കളാഴ്ച് വരെ താപനില ഉയരാൻ സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. 12 ജില്ലകളിൽ മഞ്ഞ ജാഗ്രതാ മുന്നറിയിപ്പ് ഉണ്ട്. കൊല്ലം, പാലക്കാട് ജില്ലകളിൽ താപനില 39 ഡിഗ്രി സെൽഷ്യസ് വരെയും, തൃശൂർ, കോഴിക്കോട് ജില്ലകളിൽ 38 ഡിഗ്രി വരെയും താപനില ഉയരാൻ സാധ്യതയുണ്ട്.

**************************************************************************

********************************